**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
അമ്പലവയൽ, വയനാട് – 673 593
കേരള കാർഷിക സർവകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇ മെയിൽ: rarsamb@kau.in / adramb@kau.in

നമ്പർ. E.4553/2023 തീയതി. 30.10.2023

## ടെൻഡർ നോട്ടീസ്

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് പൂക്കോട് വെറ്റിനറി കോളേജിൽ നിന്നും ചാണകം അടിക്കുന്നതിനും, പൂപ്പൊലി ആവശ്യത്തിനമായി ടിപ്പറുകൾ അത്യാവശ്യമാണ്.

ആയതിനാൽ വിവിധ ആവശ്യങ്ങൾക്കായി ഒരു വർഷത്തേയ്ക്ക് ടിപ്പർ (150, 200, 300 ASn) വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 4553/2023 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 14**.11.2023, 11.00 am** |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | 14.11.2023, **11.30 am** |
| നിരത ദ്രവ്യം (EMD) | **2000/- രൂപ** |
| ടെൻഡർ കാലാവധി | **ഒരു വർഷം** |
| ടെൻഡർ വില | **472/ (400+ ജി.എസ്.റ്റി 18%) രൂപ** |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട്,<br>പിൻകോഡ്-673 593 |
| പുറത്തെഴുത്ത്: **ടിപ്പർ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ** | |

- ടിപ്പർ ലോറികൾ ഉപയോഗിച്ച് ഫാമിനകത്ത് ജോലി ചെയ്യുന്നതിന് **ഒരു ദിവസത്തേയ്ക്കുള്ള** മിനിമം വാടകയും, ഫാമിന് പുറത്തുള്ള ഓട്ടത്തിന് **ഒരു കിലോ മീറ്ററിനുള്ള** വാടകയും വെവ്വേറെ രേഖപ്പെടുത്തിയ ടെൻഡർ (ഇതിൽ ഡ്രൈവറുടെ കൂലി, ഇന്ധനം, റിപ്പയർ, ടാക്സ് മുതലായവ ടെൻഡർ ലഭിക്കുന്ന വ്യക്തി വഹിക്കേണ്ടതാണ്) മേൽ സൂചിപ്പിച്ച വിലാസത്തിൽ അയയ്ക്കേണ്ടതോ, എത്തിയ്ക്കേണ്ടതോ ആണ്.
- കെ.എ.യു.വെബ് സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം.
- **ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിച്ചിരിക്കേണ്ടതാണ്.**
- ടെൻഡറിനോടൊപ്പം 2000/- രൂപയുടെ നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം കിട്ടിയ ടെൻഡറുകൾ അന്നേ ദിവസം 11.30 മണിയ്ക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ ടെൻഡർ തുകയുടെ 3% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

(മറുപുറം)

- വിജയിയായ ടെൻഡറുകാരൻ ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും, സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലെ മറ്റു വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്.
- ടെൻഡർ ഉറപ്പിക്കപ്പെടുന്ന വ്യക്തി ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.
- ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
- ജോലിയ്ക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റെതു മാത്രമായിരിക്കും. ജോലയ്ക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- സർക്കാരിന്റെ ടെൻഡറിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.
- ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 11.30 ന് മണി വരെ ടെൻഡർ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതും ആണ്.
- നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
- കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

നോട്ടീസ് ബോർഡ് ഓഫീസ്/ഫാം
പകർപ്പ് : ശ്രീ.ടി.ടി ജേക്കബ്,ഫാം സൂപ്രണ്ട്
വില്ലേജ് ഓഫീസ് /പഞ്ചായത്ത്/വിതരണത്തിന്
വെബ്സൈറ്റ്